## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2939 — 18.06.2018 -ൽ മറുപടിക്ക്

### ഒതുക്കുങ്ങൽ വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കി മാറ്റുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ: | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ഒതുക്കുങ്ങൽ വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കി മാറ്റുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ വില്ലേജാഫീസുകളെ ഘട്ടംഘട്ടമായി സ്മാർട്ടാക്കി മാറ്റുന്നതിലേക്കായി സ്മാർട്ട് റവന്യൂ പദ്ധതി പ്രകാരം മലപ്പുറം ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുള്ള ലിസ്റ്റിൽ ഒതുക്കുങ്ങൽ വില്ലേജാഫീസ് ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതുവഴി കൂടുതലായി ലഭ്യമാകുന്ന സൗകര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ; | (ബി) സംസ്ഥാനത്തെ റവന്യൂ ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും, എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത് |
| (സി) ഒതുക്കുങ്ങൽ വില്ലേജ് ഓഫീസിനെ സ്മാർട്ട് വില്ലേജാക്കി ഉയർത്താൻ ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണ്; ഇത് എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (സി) 2018-19 വർഷത്തെ സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതിയ്ക്കായി 22 കോടി രൂപ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതിയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ